**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **17-03-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ കയർ പ്രോജക്ടിലെ സംഘങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കയർ പ്രോജക്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി സംഘങ്ങളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. കണ്ണൂർ കയർ പ്രോജക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത 80 യൂണിറ്റുകളിൽ നിലവിൽ 21 സഹകരണ സംഘങ്ങളിൽ ആണ് ഉൽപ്പാദന പ്രവർത്തനം നടന്നു വരുന്നത്. ചകിരിയുടെയും കയറിന്റെയും വിലക്കുറവ്, ഉല്പാദന ചെലവിന് ആനുപാതികമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തത്, കോവിഡ് മഹാമാരി സൃഷ്ടിച്ച പൊതുമാന്ദ്യം എന്നിവ കണ്ണൂർ കയർ പ്രോജക്ടിനു കീഴിലുള്ള സംഘങ്ങളുടെ ഉല്പാദന വിപണന പ്രവർത്തനങ്ങളെ ഉൾപ്പെടെ കയർ വ്യവസായത്തെ മൊത്തത്തിൽ ബാധിച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേന കണ്ണൂർ കയർ പ്രോജക്ടിനു കീഴിൽ വരുന്ന സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന സഹായങ്ങളും, മെഷീനറികളും ധനസഹായങ്ങളും ലഭ്യമാക്കി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ